പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം - 12
തിയതി : 22.01.2015

# ***Circular***

*Sub:- SSLC Examination March – 2015 'Candidate Details Correction' സംബന്ധിച്ച്.*

1. **22.01.2015** മുതൽ പരീക്ഷാഭവന്റെ വെബ്സൈറ്റിൽ നിന്നും **SSLC-2015 SCHOOL LOGIN** എന്ന Link Click ചെയ്തോ, **www.sslcexamkerala.gov.in** എന്ന വെബ്സൈറ്റിൽ നിന്ന് login ചെയ്തോ ഈ വർഷത്തെ Candidate Details Correct ചെയ്യാവുന്നതാണ്.

2. എല്ലാ ഹെഡ്മാസ്റ്റർമാരും User Name ആയി School Code ഉം Default password ആയ **Test@123** എന്ന Passowrd നൽകി login ചെയ്തതിനു ശേഷം നിർബന്ധമായും ഈ Password മാറ്റം വരുത്തേണ്ടതാണ്.

3. ഓരോ സ്കൂളിൽ നിന്നും റഗുലർ ആയി രജിസ്റ്റർ ചെയ്ത എല്ലാ കുട്ടികളുടെയും വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഹെഡ്മാസ്റ്റർമാർ ഉറപ്പുവരുത്തേണ്ടതാണ്. പേരിലോ മറ്റ് വിവരങ്ങളിലോ ആവർത്തനമോ വിട്ടുപോകലോ വന്നിട്ടുണ്ടെങ്കിൽ ആ മാറ്റം വരുത്താവുന്നതും **ഫോട്ടോ അപ് ലോഡ്** ചെയ്തതിൽ അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കാവുന്നതും വിട്ടുപോയ കുട്ടികളെ ചേർക്കാവുന്നതും നീക്കം ചെയ്യാവുന്നതുമാണ്.

4. 'A' List ന്റെ മാതൃകയിൽ ഉള്ള check list (രജിസ്റ്റർ നമ്പർ ചേർക്കാതെ) വിവരങ്ങൾ Divison wise download ചെയ്ത് പരിശോധിക്കാവുന്നതും ആവശ്യമെങ്കിൽ **29.01.2015** ന് മുമ്പ് മാറ്റം വരുത്താവുന്നതുമാണ്.

5. പ്രൈവറ്റ് വിഭാഗത്തിൽ പരീക്ഷ എഴുതുന്ന കുട്ടികളുടെ വിവരങ്ങളും ഇതിനോടൊപ്പം upload ചെയ്യേണ്ടതാണ്. upload ചെയ്യുന്നതിനു മുൻപായി ഓരോ കുട്ടികളുടെയും വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും മുൻ സർട്ടിഫിക്കറ്റുകൾ വിശദമായി പരിശോധിക്കേണ്ടതുമാണ്.

6. എല്ലാവിധ തിരുത്തലുകളും ഇപ്രകാരം **29.01.2015 5 PM** ന് മുമ്പായി വരുത്തേണ്ടതാണ്. ഈ തീയതിക്കു ശേഷം യാതൊരു വിധ തിരുത്തലുകളും അനുവദിക്കുന്നതല്ല.

7. CE Mark Entry ഇതിനോടൊപ്പം ചെയ്യേണ്ടതില്ല. അതിനുള്ള നിർദ്ദേശങ്ങൾ തുടർന്ന് ലഭിക്കുന്നതാണ്.

**സെക്രട്ടറി**
**പരീക്ഷാഭവൻ**
**പൂജപ്പുര**